# സഭാ ഭരണഘടനയ്ക്കു പരിഷ്ക്കാരം വേണം

**ഡോ. എം. കുര്യൻ തോമസ്**

**1950–ൽ** ആണ് ഇന്ത്യൻ ഭരണഘടന പാസാക്കിയത്. ലോകത്തിലെതന്നെ ഏറ്റവും മികച്ച ഭരണഘടനകളിലൊന്നായ അതിന് കഴിഞ്ഞ 65 വർഷങ്ങൾക്കിടയിൽ അനേക ഭേദഗതികൾ ഉണ്ടായിട്ടുണ്ട്. പല വകുപ്പുകളും സുപ്രീം കോടതി വ്യാഖ്യാനിച്ചിട്ടുമുണ്ട്. അവയും ജനപ്രാതിനിധ്യ നിയമമടക്കമുള്ളവയും ഭേദഗതി ചെയ്യേണ്ടിവന്നത് ഗുണപരമായ മാറ്റത്തിനും, ഭരണഘടനാരൂപീകരണകാലത്തിനു ശേഷം ഉത്ഭൂതമായ വിഷയങ്ങളെ ഉൾക്കൊള്ളാനുമാണ്. അവയൊന്നും ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാന ചട്ടക്കൂടിനു വിരുദ്ധമല്ല – വിരുദ്ധമായാൽ നിലനിൽക്കില്ല – മറിച്ച് അതിനെ ശക്തിപ്പെടുത്തുന്നതാണ്.

ഇന്ത്യൻ ഭരണഘടനയേക്കാൾ പതിനാറു വയസുകൂടെ കൂടുതലുള്ള മലങ്കരസഭാ ഭരണഘടനയുടെ കാര്യവും വ്യത്യസ്ഥമല്ല. പാസാക്കിയ കാലഘട്ടത്തിലെന്നല്ല, ഇന്നും വ്യക്തവും സമഗ്രവുമായ ഒന്നാണത്. പക്ഷേ അന്ന് സ്വപ്നംപോലും കാണാത്ത പല മാറ്റങ്ങളും സഭയിലുണ്ടായി. ഉദാഹരണത്തിന് ബാഹ്യകേരള ഭദ്രാസനങ്ങൾ, മെത്രാൻ തിരഞ്ഞെടുപ്പിലെ മത്സരം മുതലായവ. ഈ സാഹചര്യത്തിൽ സഭയുടെ ഗുണപരമായ വളർച്ചയ്ക്കും കാര്യക്ഷമതാ വർദ്ധനയ്ക്കും അടിസ്ഥാന തത്വങ്ങളിൽനിന്നു വ്യതിചലിക്കാത്ത ഭരണഘടനാ /നടപടിച്ചട്ട പരിഷക്കാരങ്ങൾ അനിവാര്യമാണ്. ഈ വിഷയത്തിൽ ഈ ലേഖകനുള്ള എതാനും നിർദ്ദേശങ്ങളും അവയുടെ പശ്ചാത്തലവും ഇവിടെ കുറിക്കട്ടെ.

സഭാദ്ധ്യക്ഷൻ, മെത്രാന്മാർ എനന്നവരെവെര തിരഞ്ഞെടുക്കാനുള്ള അധികാരമുള്ളവരാണ് മലങ്കര സഭയിലെ ജനപ്രതിനിധികൾ. അതുകൊണ്ട് അവർക്ക് പക്വതയും പാകതയും വിവരവും ഉണ്ടായിരിക്കണമെന്നു നിഷ്ക്കർഷിക്കുന്നതിൽ തെറ്റില്ല. *ആകാശത്തിലുള്ള ബാവാ* ... എന്ന പ്രാർത്ഥനപോലും അറിയാത്തവർ ഈ സ്ഥാനത്തുവരുന്നത് സഭയ്ക്ക് മാനക്കേട് മാത്രമല്ല, അപകടവും കൂടിയാണ്. അതിനാൽ –

1. അസോസിയേഷൻ/ഭദ്രാസന പൊതുയോഗം ഇവയിലേയ്ക്കു തിരഞ്ഞെടുക്കപ്പെടുന്ന അംഗത്തിനു 25 വയസ് പൂർത്തിയായിരിക്കണം.

2. സഭാ മാനേജിഗ് കമ്മറ്റി/ഭദ്രാസന കൗൺസിൽ ഇവയിലേയ്ക്കു മത്സരിക്കുന്ന അവൈദികർക്ക് 30 വയസ് പൂർത്തിയായിരിക്കണം. അവർക്ക് പ്രായം 75 വയസിൽ കവിയാനും പാടില്ല.

3. സഭാ മാനേജിഗ് കമ്മറ്റി/ഭദ്രാസന കൗൺസിൽ ഇവയിലേയ്ക്കു മത്സരിക്കുന്ന അവൈദികർ സണ്ടേസ്കൂൾ പഠനം പൂർത്തിയാക്കി SSFC പഠിച്ചു പാസായവരോ, ദിവ്യബോധനം സർട്ടിഫിക്കേറ്റ് കോഴ്സ് പാസായവരോ ആയിരിക്കണം.

4. സഭാ മാനേജിഗ് കമ്മറ്റി/ഭദ്രാസന കൗൺസിൽ ഇവയിലേയ്ക്കു മത്സരിക്കുന്ന വൈദികർ അതേ ഭദ്രാസനത്തിൽ ചുരുങ്ങിയത് 15 വർഷത്തെ സേവനം പൂർത്തിയാക്കിയിരിക്കണം.

സഭയുടെ/ഭദ്രാസനത്തിന്റെ നിയമനിർമ്മാണ/ഭരണപ്രക്രിയയിൽ പങ്കാളികളാകുന്നവർ അതിനുമുമ്പ് മലങ്കരസഭാ ഭരണക്രമത്തിന്റെ അടിസ്ഥാന ഘടകമായ പള്ളിപ്പൊതുയോഗങ്ങളിൽ കുറഞ്ഞത് അഞ്ച് പ്രാവശ്യം പങ്കെടുക്കാൻ അവസരമുണ്ടായിരിക്കണം എന്നതാണ് ഈ ഭേദഗതിയുടെ ലക്ഷ്യം. ഇതിനു നിയമപരമായി സാധുത്വമുണ്ട്. ഉദാഹരണത്തിന് ഇന്ത്യൻ ഭരണഘടന 18 വയസിൽ പ്രായപൂർത്തി വോട്ടവകാശം അനുവദിച്ചിട്ടുണ്ടെങ്കിലും ജനപ്രാതിനിധ്യ നിയമം അനുസരിച്ച് തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് 21, നിയമ സഭ-ലോക്സഭകളിലേയ്ക്ക് 25 വയസ് പൂർത്തിയാവണം. രാജ്യസഭയാകുമ്പോൾ അതിലും കൂടും. അടിസ്ഥാന വിദ്യാഭ്യാസത്തെ പറ്റിയാണങ്കിൽ, സമീപകാലത്ത് ഹരിയാനയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സ്ഥാനാർത്ഥികൾക്ക് ചുരുങ്ങിയ വിദ്യാഭ്യാസ യോഗ്യത ഏർപ്പെടുത്തിയത് സുപ്രീംകോടതി ശരിവെച്ചു. അതിനാൽ ഇത്തരമൊരു നിബന്ധന നിയമപരമായി നിലനിൽക്കും. വൈദീകർ സെമിനാരി പ്രിൻസിപ്പാളിന്റെ സർഫിക്കേറ്റ് ഉള്ളവർ ആയിരിക്കണം എന്നു ഭരണഘടന നിഷ്ക്കർഷിച്ചിരിക്കുന്നതിനാൽ അവർക്ക് പ്രത്യേക വിദ്യാഭ്യാസ യോഗ്യത ഏർപ്പെടുത്തേണ്ട ആവശ്യമില്ല.

ഈ കുറിപ്പിൽ എല്ലായിടത്തും *പ്രായം* എന്നു വിക്ഷിക്കുന്നത് നിർദ്ദിഷ്ട അസോസിയേഷൻ/ ഭദ്രാസന പൊതുയോഗം കൂടുന്ന ദിവസമാണ് എന്നതു പ്രത്യേകം ശ്രദ്ധിക്കുക.

മലങ്കര സഭ ജനാധിപത്യത്തിൽ അടിസ്ഥാനം ഉറപ്പിച്ചതാണെങ്കിലും ഇതര ഓർത്തഡോക്സ് സഭകളേപ്പോലെ വ്യക്തമായും എപ്പസ്ക്കോപ്പൽ സ്വാഭാവമുള്ളതാണ്. കേരളത്തലെ ചില പ്രബല സമുദായ സംഘടനകളെപ്പോലെ സമുദായ പ്രമാണിമാർ യാന്ത്രികമായി ഭരിക്കുന്ന ഒന്നല്ല. എപ്പിസ്ക്കോപ്പസിയെ ബഹുമാനിക്കുന്ന ഭരണഘടനയെ ആദരിക്കുന്ന പക്വമായ നേതൃത്വമാണ് സഭയ്ക്ക് ആവശ്യം. വേദപുസ്തക ഭാഷയിൽ പറഞ്ഞാൽ, *ദൈവത്തെ ഭയവും മനുഷ്യനെ ശങ്കയും* ഉള്ള നേതൃത്വം. ഇതും, കാതോലിക്കാ/മെത്രാപ്പോലീത്താ, ഇടവക മെത്രാന്മാർ എന്നിവരൊഴികെയുള്ള സ്ഥാനികളുടെ കാലാവധി അഞ്ചു വർഷമായി സുപ്രീം കോടതി നിജപ്പെടുത്തിയതും, വിവിധ സ്ഥാനങ്ങളിലേയ്ക്ക് പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് നിയമിക്കുന്ന മെത്രാന്മാർക്ക് അഞ്ചുവർഷം വീതം രണ്ടുതവണമാത്രം എന്ന കാലാവധി ബാധകമാക്കിയിട്ടുണ്ട് എന്നതിനാലും, സാമാന്യ നീതി പാലിക്കണം എന്നതിനാലും

1. ഭദ്രാസന സെക്രട്ടറി, അസോസിയേഷൻ സെക്രട്ടറി, വൈദീക – അവൈദീക ട്രസ്റ്റിമാർ ഇവർ പരമാവധി 2 ടേം (10 വർഷം) മാത്രമേ ആ സ്ഥാനത്ത് തുടരാവൂ.

2. ഭദ്രാസന സെക്രട്ടറി സ്ഥാനത്തേയ്ക്കു മത്സരിക്കുന്ന വൈദികർ അതേ ഭദ്രാസനത്തിൽ ചുരുങ്ങിയത് 25 വർഷത്തെ സേവനം പൂർത്തിയാക്കിയിരിക്കണം.

3. വൈദീക ട്രസ്റ്റി സ്ഥാനത്തേയ്ക്കു മത്സരിക്കുന്ന വൈദികർ ചുരുങ്ങിയത് 25 വർഷത്തെ സേവനം പൂർത്തിയാക്കിയിരിക്കണം. അവർ വിവാഹിത പട്ടക്കാർ ആയിരിക്കണം.

4. അവൈദീക ട്രസ്റ്റി സ്ഥാനത്തേയ്ക്കു മത്സരിക്കുന്നവർക്ക് ചുരുങ്ങിയത് 55 വയസ് പ്രായം ഉണ്ടായിരിക്കണം.

5. അസോസിയേഷൻ സെക്രട്ടറി സ്ഥാനത്തേയ്ക്കു മത്സരിക്കുന്നവർക്ക് ചുരുങ്ങിയത് 45 വയസ് പ്രായം ഉള്ള അവൈദികൻ ആയിരിക്കണം. അവർക്ക് സഭാ മാനേജിംഗ് കമ്മറ്റിയിലേയ്ക്കു തിരഞ്ഞെടുക്കപ്പെടുവാനുള്ള കുറഞ്ഞ യോഗ്യതയും ഉണ്ടായിരിക്കണം.

6. വൈദീക ട്രസ്റ്റി പൗരസ്ത്യ കാതോലിക്കായുടെ അർക്കദിയോക്കൻ കൂടി ആയിരിക്കണം.

ഇവിടെ ചില വിശദീകരണങ്ങൾ ആവശ്യമുണ്ട്. വൈദീക ട്രസ്റ്റി, ഭദ്രാസന സെക്രട്ടറി എന്നിവർ പ്രായവും പക്വതയും ഉള്ളവർ ആയിരിക്കണമെന്നതിൽ രണ്ടു പക്ഷമില്ല. അവിഹിത സ്വാധീനങ്ങളിലൂടെയോ, വാഗ്വിലാസങ്ങൾ കൊണ്ടോ അനർഹർ ആ സ്ഥാനത്തു വരരുത് എന്നതിനാലാണ് ഈ നിർദ്ദേശം മുമ്പോട്ടു വയ്ക്കുന്നത്.

സഭാഭരണഘടനയിൽ വ്യക്തമാക്കിയിട്ടില്ലെങ്കിലും അസോസിയേഷൻ സെക്രട്ടറി അവൈദികൻ ആയിരിക്കുക എന്നതാണ് കീഴ്‌വഴക്കം. എന്നാൽ പ്രത്യേക സാഹചര്യത്തിൽ വ. ദി. ശ്രീ. പാത്താമുട്ടം എം. സി. കുറിയാക്കോസ് റമ്പാൻ രണ്ടു പ്രാവശ്യം അസോസിയേഷൻ സെക്രട്ടറി ആയിട്ടുണ്ട്. ഇതിന്റെ മറപിടിച്ച് പിൽക്കാലത്ത് ഒരു വൈദീകൻ അസോസിയേഷൻ സെക്രട്ടറി സ്ഥാനത്തേക്ക് മത്സരിച്ചിട്ടുമുണ്ട്. അവൈദികൻ എന്നു ഭരണഘടനയിൽ വ്യക്തമാക്കിയില്ലെങ്കിൽ ആസന്നഭാവിയിൽ ഈ സ്ഥാനം എപ്പിസ്ക്കോപ്പസി വിഴുങ്ങാനുള്ള സാദ്ധ്യതയുണ്ട്.

കഴിഞ്ഞ ഏതാനും ദശവർഷങ്ങളായി മലങ്കരസഭയെ ഗ്രസിച്ചിരിക്കുന്ന ശാപമാണ് മെത്രാൻ തിരഞ്ഞെടുപ്പും അതിനോടനുബന്ധിച്ച വോട്ടുപിടിത്തവും. രാഷ്ട്രീയ നേതാക്കളെപ്പോലും ലജ്ജിപ്പിക്കുന്ന കളികളാണ് ഇതിൽ നടക്കുന്നത്. പലരും വർഷങ്ങൾക്കുമുമ്പുതന്നെ ചുമന്ന കുപ്പായത്തിനുള്ള തന്ത്രങ്ങൾ ആരംഭിക്കും സഭയുടെ വിവിധ സ്ഥാനങ്ങൾ സ്ഥാപനങ്ങൾ എന്നിവയുടെ സാരഥികളായി കയറിപ്പറ്റി അവയുടെ സ്ഥാധീനവും വിഭവങ്ങളും ഉപയോഗിച്ചു വോട്ടു പിടിക്കുക, കൺവൻഷൻ പ്രസംഗങ്ങളെ തിരഞ്ഞെടുപ്പിനുള്ള ജനകീയാടിത്തറയാക്കുക തുടങ്ങിയ വൃത്തികെട്ട പ്രവണതകൾ ഇന്ന് സർവസാധാരണമാണ്.

അതേപോലെ പരക്കെ ഉയരുന്ന പരാതിയാണ് ധയാറാംഗങ്ങൾ മെത്രാൻസ്ഥാനത്തുവന്നാലും അവരുടെ താല്പര്യം സ്വന്തം ഭദ്രാസനങ്ങളേക്കാൾ താൻ ഉൾപ്പെട്ടു നിൽക്കുന്ന ദയറായോടായിരിക്കും എന്ന്. അത് ഒട്ടും ആശാസ്യമല്ല. അതേപോലെ മെത്രാന്മാർ ആ മലയിലും ഈ മലയിലും തലങ്ങുംവിലങ്ങും ദയറാകൾ സ്ഥാപിച്ചു ഭാവിയിൽ സഭയക്കു ബാദ്ധ്യത ഉണ്ടാക്കുന്ന പ്രവണതയും വർദ്ധിച്ചു വരുന്നുണ്ട്.

ദയറാംഗങ്ങളല്ലാത്ത റമ്പാൻമാരുടേയും ഒരു പരിധിവരെ അവിവാഹിത പട്ടക്കാരുടേയും വാർദ്ധക്യം ഇന്നൊരു ചോദ്യ ചിഹ്നമാണ്. ഈ ലേഖകന്റെ കാഴ്ചപ്പാടിൽ അവയ്ക്കുള്ള പൊതു പരിഹാരം മലങ്കരസഭയുടെ ആദ്യ സന്യാസ പ്രസ്ഥാനമായ വെട്ടിക്കൽ ദയറ പനർജീവിപ്പിക്കുക എന്നതാണ്. ഈ സാഹചര്യത്തിൽ താഴെ പറയുന്ന ഭേദഗതികൾ നിർദ്ദേശിക്കുന്നു.

1. ആദ്ധ്യാത്മിക സംഘടനകളുടെ കേന്ദ്ര ഭാരവാഹികൾ, പ്രധാന സഭാ സ്ഥാപനങ്ങളുടെ മേധാവികൾ എന്നീ സ്ഥാനങ്ങൾ വഹിക്കുന്നവർ അതത് സ്ഥാനം ഒഴിഞ്ഞ് ചുരുങ്ങിയത് 5 വർഷം കഴിയാതെ മെത്രാൻ സ്ഥാനത്തേയ്ക്കു പരിഗണിക്കപ്പെട്ടുകൂട. അത്തരം സ്ഥാനങ്ങൾ, സ്ഥാപനങ്ങൾ എന്നിവ മുമ്പുകൂട്ടി വ്യക്തമായി നിർണ്ണയിക്കണം.

2. മെത്രാൻ സ്ഥാനാർത്ഥികളുടെ ചുരുങ്ങിയ വൈദീക സേവന കാലാവധി *ഇടവകപ്പള്ളികളിലെ സേവനം* എന്നു വ്യക്തമാക്കണം. കണ്വൻഷൻ പ്രസംഗങ്ങളും കടലാസ് വികാരിത്വും യോഗ്യത ഈയി പ്രദർശിപ്പിക്കുന്നത് ഒഴിവാക്കാനാണ്.

3. ഏതെങ്കിലും ദയറായിൽ അംഗമായിട്ടുള്ളവർ മെത്രാൻ സ്ഥാനത്തേക്കു തിരഞ്ഞെടുക്കപ്പെടുമ്പോൾ, തിരഞ്ഞെടുപ്പു സ്ഥിതീകരിച്ചാലുടൻ അതത് ദറാംഗത്വം രാജിവെക്കേണ്ടതും, പിന്നീട് അതത് ദയറാകളിലോ, ദയറാവക സ്ഥാപനങ്ങളിലോ താമസിച്ചു കൂടാത്തതുമാകുന്നു. പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ടവർക്കും ഇതു ബാധകമാണ്.

4. ഏതെങ്കിലും ദയറായിൽ അംഗമായിട്ടുള്ളവർ മെത്രാൻ സ്ഥാനത്തേക്കു തിരഞ്ഞെടുക്കപ്പെട്ടാൽ, അവർ വെട്ടിക്കൽ ദയറായിൽ അംഗമാകുന്നതാണ്. എന്നാൽ തിരഞ്ഞെടുക്കപ്പെടുന്ന ദയറാംഗങ്ങൾ അല്ലാത്തവർ അവിടെ അംഗമാകേണ്ടതില്ല. ചില ഓറിയന്റൽ സഭകളിൽ സംഭവിച്ചതുപോലെ ഏതെങ്കിലും ദയറാ സഭാഭരണത്തിൽ അവിഹിതമായ സ്വാധീനം ഉറപ്പിക്കുന്നത് തടയുവാനാണ് ഈ നിബന്ധന.

5. വെട്ടിക്കൽ ദയറായ്ക്ക് പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് നിയമാവലി ഉണ്ടാക്കേണ്ടതും, അംഗങ്ങൾ അവ പാലിക്കേണ്ടതുമാണ്. വെട്ടിക്കൽ റീശ് ദയറാ, പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് നിയമിക്കുന്ന ഒരു സീനിയർ റമ്പാൻ ആയിരിക്കും.

6. മലങ്കര സഭയിൽ ദയറാംഗമല്ലാതെ റമ്പാൻസ്ഥാനം സ്വീകരിച്ചവരും മെത്രാൻ സ്ഥാനത്തിനു യോഗ്യത ഇല്ലാത്തവരും ആയവരെ മാത്രം വെട്ടിക്കൽ ദയറായിൽ അംഗമാക്കാവുന്നതാണ്. റിട്ടയർ ചെയ്ത അവിവാഹിത പട്ടക്കാരെയും അഗമാക്കാവുന്നതാണ്. വെട്ടിക്കൽ ദയറായിൽനിന്നും മെത്രാന്മാരെ തിരഞ്ഞടുക്കരുത്.

7. ഒരു മെത്രാൻ തിരഞ്ഞെടുപ്പിലും മൊത്തം ശുപാർശ ചെയ്യപ്പെടുന്നവരിൽ ദയറാംഗങ്ങൾ 33 ശതമാനത്തിൽ അധികമാകാൻ പാടില്ല. സാധാരണ ജനത്തിന്മേൽ അടിച്ചേൽപ്പിച്ചുകൊണ്ടിരിക്കുന്ന *ദയറായിസം* സന്തുലനം ചെയ്യാനും ആരോപിതമായ *വീതംവെപ്പ്* തടയാനും ഇത് ആവശ്യമാണ്.

8. ഒരു മെത്രാൻ തിരഞ്ഞെടുപ്പിലും 5-ൽ അധികം പേരെ തിരഞ്ഞെടുത്തു കൂടാത്തതാണ്. പക്ഷേ അവരെ ഒരുമിച്ചു വാഴിക്കണമെന്നില്ല.

9. അടിയന്തിര സാഹചര്യത്തിലൊഴികെ 5 വർഷത്തെ ഇടവേള കൂടാതെ മെത്രാൻ തിരഞ്ഞെടുപ്പു നടത്താൻ പാടില്ല. ഒരേ അസോസിയേഷൻ ഒന്നിലധികം തിരഞ്ഞെടുപ്പു നടത്തുന്നത് ഒഴിവാക്കാനാണ് ഈ നിബന്ധന.

10. പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ മുൻകൂർ അനുമതി ഇല്ലാതെ പുതിയ സന്യാസ പ്രസ്ഥാനങ്ങൾ ആരംഭിക്കരുത്. പല ആശ്രമങ്ങളും ഇന്നു സഭയ്ക്ക് ബാദ്ധ്യതയാണ്. അത് ഒഴിവാക്കാൻ അനുമതി നൽകുന്നതിനുമുമ്പ് നിർബന്ധമായും സാദ്ധ്യതാ പഠനം (Feacibility Study) നടത്തണം.

അത്യുന്നതമായ മെത്രാൻ സ്ഥാനത്തേയ്ക്കുള്ള തിരഞ്ഞെടുപ്പുകൾ സുതാര്യമാക്കാനുള്ള ശ്രമങ്ങൾ ഇനിയും ബഹുദൂരം മുന്നേറേണ്ടിയിരിക്കുന്നു. *ഉദ്ദിഷ്ടകാര്യത്തിനു ഉപകാരസ്മരണ* എന്നരീതിയിൽ ഉള്ള *പരസ്പര സഹായം* ഒഴിവാക്കാൻ മെത്രാൻ നാമനിർദ്ദേശക കമ്മറ്റിയിലെ അംഗങ്ങളുടെ കുറഞ്ഞ പ്രായം സ്ഥാനാർത്ഥികളുടെ ഉയർന്ന പ്രായപരിധിയ്ക്കു മുകളിലായിരിക്കണം എന്ന് നിഷ്കർഷിക്കുന്നത് അഭികാമ്യമായിരിക്കും.

ചിന്തിക്കുക, പ്രതികരിക്കുക.

(മുൻലക്കം *ബഥേൽ പത്രിക*യിലെ ഈ ലേഖകന്റെ *നിങ്ങളുടെ പൗരത്വം എവിടെയാകുന്നു?* എന്ന ലേഖനം ഇതിനോട് ചേർത്തു വായിക്കുക)

(*ബഥേൽ പത്രിക*,ജൂൺ 2016)